# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5689 | 29/07/2015 ൽ മറുപടിക്ക് |
|---|---|

## അഴിമതി തടയാൻ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.സണ്ണി ജോസഫ് | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി ജനപങ്കാളിത്തത്തോടെ ഇല്ലാതാക്കാനും അഴിമതിയുടെ സാധ്യതകൾ കണ്ടെത്തി തടയുവാനും ആഭ്യന്തര വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) | പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് വകുപ്പ് "വിജിലന്റ് കേരള" എന്ന പേരിൽ ഒരു പദ്ധതി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലൂടെ നടപ്പിലാക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുണ്ട് |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ഒരോ ഗ്രാമവും 100% അഴിമതിരഹിതമാക്കാനും അതിലൂടെ കേരളം മുഴുവനും അഴിമതി രഹിതമാക്കാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | 2014 ആഗസ്റ്റ് മുതൽ പൈലറ്റ് പ്രോജക്ടായി എറണാകുളം മുതൽ വടക്കോട്ടുള്ള എട്ടുജില്ലകളിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം 09.07.2015 ലാണ് നടന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള ഭരണതലത്തിലെ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ